വർഷം	കേന്ദ്രവിഹിതമായി ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2009-10	1962	298.05
2010-11	584	2248.43
2011-12	1909	1598.49
2012-13	1527	2270.10
2013-14	1719	4291.16
ആകെ	7701	10706.23

പ്രസ്തുത കാലയളവിൽ സംസ്ഥാന സർക്കാർ വിഹിതമായി 4484.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക കൂടി ആകെ ചെലവഴിച്ച തുകയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മങ്കട എ.ഇ.ഒ. ഓഫീസിന് കെട്ടിടം

31(4638) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട എ. ഇ. ഒ. ഓഫീസിന് കെട്ടിടം പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ജീർണ്ണാവസ്ഥയിലായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത എ.ഇ.ഒ. ഓഫീസിന് കെട്ടിടം പണിയുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മങ്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കെട്ടിടങ്ങൾ പൂർണ്ണമായും ജീർണ്ണാവസ്ഥയിലാണ് നിൽക്കുന്നത്. ആയത് പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്ത് പുതിയ ഇരുനില കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള രേഖകളടങ്ങുന്ന അപേക്ഷ പൊതുമരാമത്ത് വകുപ്പിന്റെ പരിശോധനയിലാണ്.

പ്ലസ് ടു തുല്യതാ കോഴ്സുകൾ

32(4639) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർവിദ്യാഭ്യാസ പദ്ധതിപ്രകാരം പി.ഡി.സി. പൂർത്തിയാകാത്തവരും പ്ലസ് ടു പൂർത്തിയാകാത്തവരുമായ ഉയർന്ന പ്രായപരിധിയുള്ളവർക്ക് പ്ലസ് ടു തുല്യതാ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly